പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 921

11.03.2015 -ലെ മറുപടിയ്ക്ക്

## ഐ.ടി കമ്പനികളിലെ തൊഴിൽ സാഹചര്യങ്ങൾ

ചോദ്യം

ശ്രീ.പി.കെ.ബഷീർ

(എ) ഐ.ടി കമ്പനികളിലെയും വ്യവസായ പാർക്കകളിലേയും തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കമോ;

ഉത്തരം

ശ്രീ . ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) 2001–ലെ ഐ.റ്റി പോളിസി നിർദ്ദേശിച്ചത് പ്രകാരം, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936, മിനിമം വേജസ് ആക്ട്, 1948, കോൺട്രാക്ട് ലേബർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970 & റൂൾസ് 1974, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 & റൂൾസ് 1961, കാഷ്വൽ ടെമ്പററി ബദ്‌ലി വർക്കേഴ്സ് വേജസ് ആക്ട്, 1989 & റൂൾസ് 1993, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1958 റൂൾസ് 1959, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് , 1961 & റൂൾസ് 1964, ഫാക്ടറീസ് ആക്ട് 1948 & റൂൾസ് 1957 എന്നീ വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളിന്മേലുള്ള വകുപ്പുതല പരിശോധനകൾ ഉദാരമാക്കിക്കൊണ്ട് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം 27.07.2002–ലെ ജി.ഒ (എം.എസ്) നമ്പർ. 55/2002/തൊഴിൽ നമ്പർ ഉത്തരവിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് സമർപ്പിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഗുരുതരമായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുള്ളൂ. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള അവകാശം ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കുണ്ട്.

സംസ്ഥാനത്തെ ഐ.റ്റി മേഖലയിലെ സ്ഥാപനങ്ങൾ, കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ടി മേഖലയിലെ

തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമംപോലെ കേരള ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് ബിൽ–2009 (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് & വെൽഫെയർ) എന്ന പേരിൽ ഒരു കരട് ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഐ.റ്റി മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ വകുപ്പ് 6, 9, 10, 11, 20 എന്നിവയിൽ നിന്നും ചില നിബന്ധനകളോടെ ഒഴിവാക്കിയിട്ടുണ്ട്. ഇത് അനുസരിച്ച് ഐ.റ്റി സ്ഥാപനങ്ങളിലെ ജോലി സമയം ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിലും 'flexi time' വ്യവസ്ഥയിലും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് ഐ.റ്റി മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളീഡേയും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോദ്ധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമ്പോൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിയ്ക്കാറുണ്ടോ : എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

(ബി) വിവരം ശേഖരിച്ചു വരുന്നു.

Sreedas

സെക്ഷൻ ഓഫീസർ